# മഹാത്മാഗാന്ധി സർവ്വകലാശാല

**കെ.എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 - 2731020, 2732650
മൊബൈൽ: 9846720402

പി.ആർ.ഒ./39/113/2018 2018 മെയ് 29

## പത്രക്കുറിപ്പ്

**എം.എഡ്. പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രെയിനിംഗ് കോളേജുകളിലെ 2018-19 അദ്ധ്യയനവർഷത്തിലേക്കുള്ള എം.എഡ്. (ദ്വിവത്സരം) പ്രോഗ്രാമിന് ജൂൺ 7 വരെ അപേക്ഷിക്കാം. അപേക്ഷാഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**ബി.എഡ്. പ്രവേശനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ട്രെയിനിംഗ് കോളേജുകളിലെ 2018-19 അദ്ധ്യയനവർഷത്തിലേക്കുള്ള ബി.എഡ്. (ദ്വിവത്സരം) പ്രോഗ്രാമിന് ജൂൺ 7 വരെ അപേക്ഷിക്കാം. അപേക്ഷാഫോറവും വിശദവിവരങ്ങളും www.mgu.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**എം.ജി. ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ജൂൺ 3 വരെ**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ 2018-19 അദ്ധ്യയന വർഷത്തെ ഏകജാലകം വഴിയുള്ള ഒന്നാം സെമസ്റ്റർ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ജൂൺ 3 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പ്രൊവിഷണൽ റാങ്ക് ലിസ്റ്റും ട്രയൽ അലോട്മെന്റും ജൂൺ 7ന് പ്രസിദ്ധീകരിക്കും. ഒന്നാം അലോട്ട്മെന്റ് ജൂൺ 13നും രണ്ടാം അലോട്ട്മെന്റ് 22നും പ്രസിദ്ധീകരിക്കുന്നതാണ്. മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ്, കൾച്ചറൽ ക്വാട്ട, വികലാംഗ വിഭാഗത്തിന് സംവരണം ചെയ്ത സീറ്റുകൾ എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലക്ഷദ്വീപിൽ നിന്നുള്ള അപേക്ഷകർക്കായി ഓരോ കോളേജുകളിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ലക്ഷദ്വീപ് നിവാസികളായ അപേക്ഷകർ പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ തന്നെ നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഓരോ കോളേജുകളിലെയും അക്കാദമിക് പ്രോഗ്രാം www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ പ്രോസ്പെക്ടസിന്റെ സംക്ഷിപ്തരൂപം മലയാളത്തിലും നൽകിയിട്ടുണ്ട്. **സ്പോർട്സ്/കൾച്ചറൽ/വികലാംഗ സംവരണ സീറ്റുകളിലേക്ക് പ്രവേശനത്തിനായി അപേക്ഷകർക്ക് മെയ് മാസം 31 വരെ കോളേജുകളിൽ നേരിട്ട് അപേക്ഷക സമർപ്പിക്കാവുന്നതാണ്.** റാങ്ക് ലിസ്റ്റ് ജൂൺ രണ്ടിന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതും പ്രവേശനം ജൂൺ 4നകം പൂർത്തീകരിക്കേണ്ടതുമാണ്. ഓൺലൈൻ രജിസ്ട്രേഷനുവേണ്ടി സർവ്വകലാശാലാ ഇൻഫർമേഷൻ സെന്ററുകളിലും അക്ഷയ സെന്ററുകളിലും സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ അഫിലിയേറ്റഡ് കോളേജുകളിലും ഏകജാലക ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭാഗത്തിന് 330 രൂപയും മറ്റുള്ളവർക്ക് 660 രൂപയുമാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈൻ രജിസ്ട്രേഷനും ക്യാപ് സംബന്ധമായ എല്ലാ വിശദവിവരങ്ങളും www.cap.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പർ: 9188641784, 9188651784, 04812733369.

**എം.ജി. ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് 10 അപേക്ഷകൾ തിരഞ്ഞെടുത്തു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ബിസിനസ് ഇന്നൊവേഷൻ ആന്റ് ഇൻക്യുബേഷൻ സെന്ററിന്റെയും അന്തർസർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ സർവ്വകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നിലവിലുള്ള വിദ്യാർത്ഥികളിൽ നിന്നും കഴിഞ്ഞ മൂന്ന് വർഷത്തിനകം പഠനം പൂർത്തിയാക്കിയ പൂർവ്വ

വിദ്യാർത്ഥികളിൽ നിന്നും സമർപ്പിക്കപ്പെട്ട ജൈവ സ്റ്റുഡന്റ് സ്റ്റാർട്ടപ്പ് അപേക്ഷകളിൽ നിന്ന് ജൈവ കൃഷിയിൽ രണ്ട്, ജലസംരക്ഷണത്തിൽ മൂന്ന്, മാലിന്യനിർമാർജനത്തിൽ അഞ്ച് എന്നിങ്ങനെ 10 അപേക്ഷകൾ സ്റ്റാർട്ടപ്പ് ഗ്രാന്റ് നൽകുവാൻ തിരഞ്ഞെടുത്തു. സംസ്ഥാന സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ചുവടുപിടിച്ചുകൊണ്ട് ജൈവ സാക്ഷരതയുള്ള സമൂഹം എന്ന ലക്ഷ്യപൂർത്തീകരണത്തിനായി മഹാത്മാഗാന്ധി സർവ്വകലാശാല ആവിഷ്ക്കരിച്ച സംരംഭകത്വ പദ്ധതിയാണ് ബി.ഐ.ഐ.സി.-ഐയുകോഫ്സ സ്റ്റാർട്ടപ്പ്. ഹരിത കേരളം മിഷന്റെ കീഴിൽ വരുന്ന ജൈവ കൃഷി, മാലിന്യനിർമ്മാർജനം, ജലസംരക്ഷണം, ശുചിത്വം എന്നീ മേഖലകളിൽ നിന്നുള്ള സംരംഭകത്വ ആശയങ്ങൾ പരിപോഷിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. തിരഞ്ഞെടുക്കപ്പെട്ടവർക്ക് 10000 രൂപ വീതം സ്റ്റാർട്ടപ്പ് ഗ്രാന്റായി ലഭിക്കും. സ്റ്റാർട്ടപ്പ് ഗ്രാന്റിന് അർഹത നേടിയവർ: ഡോ. ആശ സജി (എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി), മരിസ മർക്കോസും സംഘവും (ബി.സി.എം. കോളേജ്, കോട്ടയം), ജോയ്സ് കെ. ജോസഫ്, അനി തോമസ് ഇടിക്കുള (സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല), അഭിഷേക് എച്ച്, ബിബെറ്റോ ജി. നായർ (എസ്.ബി. കോളേജ് ചങ്ങനാശ്ശേരി), ജെമി ജെയിംസ് (ഐ.ഐ.യു.സി.എൻ.എൻ, മഹാത്മാഗാന്ധി സരവ്വകലാശാല), പ്രിൻസൺ ബേബി (വിശ്വജ്യോതി കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി, മൂവാറ്റുപുഴ), അഞ്ജു ജസ്റ്റിനും സംഘവും (ബി.സി.എം. കോളേജ്, കോട്ടയം), സജിത്കുമാർ (സ്കൂൾ ഓഫ് എൻവയോൺമെന്റ് സയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല), ആൻ മരിയ ആന്റണിയും സംഘവും (ബി.സി.എം. കോളേജ്, കോട്ടയം), അമൃത കൃഷ്ണൻ, കീർത്തി എസ്. നായർ (കെ.എൻ. രാജ് സെന്റർ, മഹാത്മാഗാന്ധി സർവ്വകലാശാല)

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**